# നിങ്ങളുടെ മനസ്സാക്ഷി എങ്ങനെ ആരോഗ്യമുള്ളതായി സൂക്ഷിക്കാം

നമ്മിൽ ചിലരുടെ മനസ്സാക്ഷി എടുത്തു കളയുകയാണെങ്കിൽ, അതൊരു ചെറിയ ഓപ്പറേഷൻ ആയിരിക്കും. നമ്മുടെ മനസ്സാക്ഷിയെ എങ്ങനെ ജീവനുള്ളതായും, ക്ഷേമമായും, സൂക്ഷിച്ച് ദൈവം - നല്കിയ ഉദ്ദേശങ്ങളെ നേടി എടുക്കാം? നമ്മുടെ മനസ്സാക്ഷിയെ എങ്ങനെ പ്രാവൃത്തികമാക്കാം? ഈ പാഠത്തിൽ, പല വഴികളിൽ നമ്മുടെ മനസ്സാക്ഷിയെ ആരോഗ്യമുള്ളതാക്കി നിലനിർത്താമെന്നു നാം ശ്രദ്ധിക്കും. രണ്ടു ചിന്താധാരകൾ അനുസരിച്ചാണ് എന്റെ നിർദ്ദേശങ്ങൾ സ്വീകരിച്ചിരിക്കുന്നത്: (1) നമുക്കു *കഴിയുന്നതു നാം ചെയ്യേണ്ടതായി*ട്ടുണ്ട്. (2) പിന്നെ നാം *കർത്താവിൽ ആശ്രയിക്കാൻ* പഠിക്കണം.

### വ്യക്തിപരമായ അഭ്യാസത്താൽ
### മനസ്സാക്ഷിയെ ആരോഗ്യപരമായി സൂക്ഷിക്കാം

നമുക്കു ചെയ്യാൻ കഴിയുന്നതുമായി നമുക്കു തുടങ്ങാം. പ്രവൃത്തികൾ 24:16-ൽ പൗലൊസ് പറഞ്ഞു, “അതുകൊണ്ട് എനിക്കു ദൈവത്തോടും മനുഷ്യരോടും കുറ്റമില്ലാത്ത മനസ്സാക്ഷി എല്ലായ്പ്പോഴും ഉണ്ടായിരിക്കാൻ ഞാൻ ശ്രമിക്കുന്നതു.” “ഞാൻ ... ശ്രമിക്കുന്നു” എന്നതു ഗ്രീക്കിൽ നിന്നു തർജ്ജിമ ചെയ്തിരിക്കുന്നതു കായിക മത്സരികൾ മത്സരത്തിനു എടുക്കുന്ന തീവ്ര പരിശീലനത്തെയാണ് സൂചിപ്പിക്കുന്നത്. അക്ഷരികമായി, പൗലൊസ് പറഞ്ഞു, “കുറ്റമില്ലാത്ത മനസ്സാക്ഷി ഉണ്ടാകുവാൻ ഞാൻ *എന്നെത്തന്നെ അഭ്യസിപ്പിക്കുന്നു* എന്നാണ്.”[1] (ഊന്നൽ എന്റേത്.) പൗലൊസിന്റെ വാക്കുകൾ ശരിയായി കാണുവാൻ, ഒരു ഗൗരവമായ കായികമത്സരി, നീണ്ട മണിക്കൂറുകൾ, കഠിനമായ പരിശീലന പദ്ധതി ആവിഷ്ക്കരിക്കുന്നതു ചിന്തിക്കുക. “കുറ്റമില്ലാത്ത മനസ്സാക്ഷി സൂക്ഷിക്കുന്നതിനു” പൗലൊസ് *അത്തരം* പരിശ്രമമാണ് നടത്തുന്നത്.

ഭൗതിക ശരീരത്തിനു അഭ്യാസം ആവശ്യമാണ്. ഭൗതിക ശൂന്യാ

കാശ ദൗത്യത്തിൽ, ഒരു റഷ്യൻ ബഹിരാകാശ സഞ്ചാരി ആറുമാസം അഭ്യാസം ഇല്ലാതെ ശൂന്യാകാശത്തിൽ കഴിച്ചുകൂട്ടി. അദ്ദേഹം ഭൂമിയിൽ തിരിച്ച് ഇറങ്ങിയപ്പോൾ, അദ്ദേഹത്തിന് നടക്കുവാൻ പഠിക്കേണ്ടി വന്നു. മനസ്സാക്ഷിക്കും അഭ്യാസം ആവശ്യമാണ്. എബ്രായലേഖകൻ പറഞ്ഞു,

> പാൽ കുടിക്കുന്നവൻ എല്ലാം നീതിയുടെ വചനത്തിൽ പരിചയമില്ലാത്തവനത്രേ, അവൻ ശിശുവല്ലൊ. കട്ടിയായുള്ള ആഹാരം നന്മ തിന്മകളെ തിരിച്ചറിവാൻ തഴക്കത്താൽ, *അഭ്യസിച്ച* ഇന്ദ്രിയങ്ങളുള്ളവരായി പ്രായം തികഞ്ഞവർക്കേ പറ്റുകയുള്ളു (എബ്രായർ 5:13, 14; ഊന്നൽ എന്റേത്).

ഗ്രീക്കുവാക്ക് *ജുംനാസാ* തർജ്ജിമ ചെയ്തതാണ് "അഭ്യസിച്ച" എന്നത്, അതിൽ നിന്നാണ് "ജിംനാസ്റ്റിക്സ്," "ജിംനേഷ്യം," എന്നീ വാക്കുകൾ നമുക്കു കിട്ടിയത്. അതുകൊണ്ട് കെജെവിയിൽ "നന്മ തിന്മകളെ വിവേചിപ്പാൻ *അഭ്യസിച്ച* ഇന്ദ്രിയങ്ങൾ ... ഉള്ളവർക്ക് പറ്റു എന്നാണ്." (ഊന്നൽ എന്റേത്.)

ശരീര സംബന്ധമായ വ്യാധികളെ തടയുവാനും ശാരീരിക പ്രശ്നങ്ങൾ നേരെയാകുവാനും ശരീരാഭ്യാസം പ്രയോജപ്പെടും. അതുപോലെ, മനസ്സാക്ഷിയുടെ അഭ്യാസം ആത്മിയ രോഗങ്ങളെ തടയുവാനും, ആത്മിയ പ്രശ്നങ്ങളെ പരിഹരിപ്പാനും കഴിയു. ഒരു "ബലഹീന" മനസ്സാക്ഷിയെ (1 കൊരിന്ത്യർ 8:7) അഭ്യാസത്താൽ "ശക്തമായ" മനസ്സാക്ഷിയാക്കാം (റോമർ 15:1).

**മനസ്സാക്ഷിയെ അഭ്യസിപ്പിക്കുന്ന പൊതുവായ വഴികൾ**

എങ്ങനെ നമുക്കു നമ്മുടെ മനസ്സാക്ഷിയെ അഭ്യസിപ്പിക്കാം? മനസ്സാക്ഷി എന്താണെന്നു മനസ്സിലാക്കി – അതെന്തു ചെയ്യണമെന്നറിഞ്ഞ് – മനസ്സാക്ഷിയുടെ *പൊതുവായ* "അഭ്യാസത്തിനുള്ള" വഴികളാണ് പറയുന്നത്. ചിലതു ശരി മറ്റു ചിലതു തെറ്റ് എന്നു ലഭിച്ചിരിക്കുന്ന അറിവിന്റെ അടിസ്ഥാനത്തിൽ സൂചിപ്പിക്കുന്ന, ജന്മനാ ഉള്ള ഇന്ദ്രിയമാണ് മനസ്സാക്ഷി എന്നോർക്കുക, നാം അതിനെ ശ്രദ്ധിച്ചില്ലെങ്കിൽ അതു മന്ദീഭവിക്കും.[2] ഇതു മനസ്സിൽ വെച്ചുകൊണ്ട് നമുക്കു തുടരാം.

(1) *ദൈവേഷ്ടം പഠിക്കുന്നതു നാം ഗൗരവത്തോടെ ആകണം.* സുപരിചിതമായ ഒരു പാട്ട് തുടങ്ങുന്നതു ഈ വാക്കുകളോടുകൂടെയാണ്:

> യൗവ്വനക്കാർ അവരുടെ ഹൃദയങ്ങളെ എങ്ങനെ സുരക്ഷിതമാക്കി,
> അവരുടെ ജീവിതങ്ങളെ പാപത്തിൽ നിന്നും കാക്കും?
> നിന്റെ വചനമെന്ന തിരഞ്ഞെടുത്ത നിയമങ്ങൾ നല്കിയത്
> മനസ്സാക്ഷിയെ ശുദ്ധമായി സൂക്ഷിക്കുവാൻ,
> മനസ്സാക്ഷിയെ ശുദ്ധമായി സൂക്ഷിക്കുവാൻ.[3]

ഈ ഗീതം സങ്കീർത്തനങ്ങൾ 119:9 നെ ആസ്പദമാക്കിയാണ്, അത് പറയുന്നത്, "ബാലൻ തന്റെ നടപ്പിനെ നിർമ്മലമാക്കുന്നത് എങ്ങനെ? നിന്റെ

വചനപ്രകാരം അതിനെ സൂക്ഷിക്കുന്നതിനാൽ തന്നെ."

നമുക്കു ശക്തമായ മനസ്സാക്ഷി ഉണ്ടെങ്കിൽ, നാം തിരുവെഴുത്തുകൾ വായിക്കുകയും, പഠിക്കുകയും, മന:പ്പാഠം ആക്കുകയും ചെയ്യണം. എത്ര വാക്യങ്ങൾ അറിയാമെന്നു പരിശോധിക്കാൻ പതിനായിരം വ്യക്തികളെ തിരഞ്ഞെടുത്തു. "അറിയുക" എന്നതു നിർവ്വചിച്ചത് "വാക്യാനുസരണം ബൈബിളിൽ: അതെവിടെ, എന്നു, പറയാനുള്ള കഴിവാണ്" ആ പതിനായിരം പേർ ശക്തരായ ക്രിസ്ത്യാനികൾ ആണെന്നു അവകാശപ്പെട്ടു, എന്നാൽ അവർ ഓരോരുത്തരും അറിഞ്ഞതു ശരാശരി രണ്ട് – അരശതമാനം വാക്യങ്ങൾ മാത്രമാണ്!

വ്യക്തിപരമായ നമ്മുടെ പഠനത്തിനു പുറമേ, ഓരോ പഠനവും, ആരാധനയും, കൂട്ടായ്മയ്ക്കുള്ള അവസരവും നാം ഉപയോഗിക്കണം. അതു, ബന്ധപ്പെടുന്നവരോടു സംസാരിക്കുന്നതിനും, "ശക്തമായ" മനസ്സാക്ഷി ഉള്ളവരോട് പഠനം നടത്തുവാനും സഹായിക്കുന്നു.

(2) *പാപത്തെ സംബന്ധിച്ച് നാം ഗൗരവമുള്ളവരാകണം – എന്താണ് ശരി എന്താണ് തെറ്റ് എന്നറിയുന്നത്.* കണക്കു കൊടുക്കുന്ന അവസ്ഥയിലേക്കു നാം വളരണം (റോമർ 14:12). പാപത്തിന്റെ ഗൗരവം നാം തിരിച്ചറിയണം (റോമർ 6:23). ലോകത്തിൽ അധികം പേരും, പാപം, കുറ്റം, ഉത്തരവാദിത്വം എന്നിവ മറന്നരീതിയിലാണ്; നാം ലോകത്തിന്റെ മൂല്യവ്യവസ്ഥയുടെ സ്വാധീനത്തിൽ നാം നമ്മെ വിട്ടുകൊടുക്കരുത്.

(3) *നമ്മുടെ മനസ്സാക്ഷിയെ നാം ഗൗരവത്തോടെ ശ്രദ്ധിക്കണം.* പൗലൊസ് നിരന്തരമായി മനസ്സാക്ഷിയോട് ചർച്ച ചെയ്തിരുന്നു (പ്രവൃത്തികൾ 23:1). അതുകൊണ്ട്, അവൻ എഴുതി,

> ഞാൻ ക്രിസ്തുവിൽ സത്യം പറയുന്നു, ഞാൻ പറയുന്നതു ഭോഷ്ക്കല്ല, എനിക്കു വലിയ ദു:ഖവും ഹൃദയത്തിൽ ഇടവിടാതെ നോവും ഉണ്ട് എന്നു *എന്റെ മനസ്സാക്ഷി എനിക്കു പരിശുദ്ധാത്മാവിൽ സാക്ഷിയായിരിക്കുന്നു* ... (റോമർ 9:1; ഊന്നൽ എന്റേത്).

> ഞങ്ങൾ ലോകത്തിൽ, വിശേഷാൽ നിങ്ങളോട്, ജഡജ്ഞാനത്തിൽ അല്ല, ദൈവകൃപയിലത്രെ, ദൈവം നല്കുന്ന വിശുദ്ധിയിലും നിർമ്മലതയിലും പെരുമാറിയിരിക്കുന്നു, എന്നു ഞങ്ങളുടെ *മനസ്സാക്ഷിയുടെ സാക്ഷ്യം തന്നെ* ഞങ്ങളുടെ പ്രശംസ (2 കൊരിന്ത്യർ 1:12; ഊന്നൽ എന്റേത്).

പൗലൊസിനെപോലെ, നമുക്കറിയാവുന്നതു ചെയ്യുവാൻ നാം പരിശ്രമിക്കണം. ഇതുമായ ബന്ധത്തിൽ, യോഹന്നാൻ 7:17 താല്പര്യം ജനിപ്പിക്കുന്നു: "അവന്റെ ഇഷ്ടം ചെയ്‌വാൻ ഇച്ഛിക്കുന്നവൻ, ഈ ഉപദേശം, ദൈവത്തിൽ നിന്നുള്ളതോ, ഞാൻ സ്വയമായി പ്രസ്താവിക്കുന്നതു എന്നറിയും." നാം സാധാരണ ചിന്തിക്കുന്നതു ഉപദേശം ആദ്യം അറിയുകയും പിന്നെ അതു ചെയ്യുക എന്നതാണ്, പക്ഷെ ഈ വാക്യത്തിൽ, യേശു ആ ക്രമം മാറ്റിയിരിക്കുന്നു: ശരിയായതു *ചെയ്യുവാൻ* നമ്മെ സമർപ്പിച്ചാൽ, എന്താണ് ശരി എന്നു *അറിയുവാൻ* അതു നമ്മെ സഹായിക്കും.

(4) *നാം തെറ്റു ചെയ്യുമ്പോൾ, കാര്യങ്ങൾ ശരിയാക്കി എടുക്കുന്നതിനെക്കുറിച്ചു നാം ഗൗരവമാകേണ്ടതുണ്ട്.* നാം ചെയ്തതു തെറ്റാണെന്നു മനസ്സാക്ഷി പറഞ്ഞാൽ, നാം ആത്മാർത്ഥമായി മാനസാന്തരപ്പെട്ടു, ദൈവത്തോടു പ്രാർത്ഥിക്കുകയും, തിരുത്തുവാൻ ആവശ്യമായതെല്ലാം ചെയ്യുകയും വേണം. 2 കൊരിന്ത്യർ 7:10-ൽ വ്യത്യാസം എടുത്തു പറയുന്നു "ദൈവഹിതപ്രകാരമുള്ള ദു:ഖം അനുതാപം വരാത്ത" "മാനസാന്തരത്തെ ... രക്ഷെക്കായി ഉളവാക്കുന്നു" "ലോകത്തിന്റെ ദു:ഖമോ" "മരണത്തെ ഉളവാക്കുന്നു." "ദൈവഹിതപ്രകാരമുള്ള ദു:ഖം" നാം ചെയ്ത തെറ്റു ദൈവഹൃദയത്തെ വേദനിപ്പിച്ചതുകൊണ്ടുള്ള ദു:ഖമാണ്. "ലോകത്തിന്റെ ദു:ഖം" നമ്മുടെ പാപത്തിന്റെ അനന്തരഫലമായി *നമുക്കു വേണ്ടിയുള്ള* ദു:ഖമാണ്. പൊള്ളയായ മാനസ്സാന്തരവും പൊള്ളയായ പാപത്തെ ഏറ്റുപറച്ചിലും മനസ്സാക്ഷിയെ നശിപ്പിക്കുന്നതല്ലാതെ മറ്റൊന്നുമല്ല.

**മനസ്സാക്ഷിയെ അഭ്യസിപ്പിക്കുന്നതിനുള്ള പ്രത്യേക വഴികൾ**

രണ്ട്, നാം മനസ്സാക്ഷിയെ കുറിച്ചു പഠിച്ച വേദഭാഗങ്ങൾ നമ്മുടെ മനസ്സാക്ഷികളെ *പ്രത്യേക* വഴികളിൽ അഭ്യസിപ്പിക്കണമെന്നു പറയുന്നു.[4]

(1) *സേവനമേഖലയിൽ നാം നമ്മുടെ മനസ്സാക്ഷികളെ അഭ്യസിപ്പിക്കേണ്ടതാണ്.* ഒരു ദാസനായിത്തീരുന്നതിനെക്കുറിച്ച് പൗലൊസ് തിമൊഥെയൊസിന് എഴുതി: "ആജ്ഞയുടെ ഉദ്ദേശം ശുദ്ധ ഹൃദയം നല്ല മനസ്സാക്ഷി നിർവ്യാജ വിശ്വാസം എന്നിവയാൽ ഉളവാകുന്ന സ്നേഹം തന്നെ" (1 തിമൊഥെയൊസ് 1:5). പൗലൊസിന്റെ വാക്കുകളുടെ ക്രമം പുരോഗതിയെ അർത്ഥമാക്കുന്നു: ഒരാൾക്കു ശുദ്ധ ഹൃദയം ഉണ്ടെങ്കിൽ, അയാൾക്കു നല്ല ഒരു മനസ്സാക്ഷി ഉണ്ടാകാനിടയുണ്ട്; ഒരാൾക്കു നല്ല മനസ്സാക്ഷി ഉണ്ടെങ്കിൽ, അയാൾക്കു ആത്മാർത്ഥമായ വിശ്വാസം ഉണ്ടാകും.

ഒരു നല്ല മനസ്സാക്ഷി ഇല്ലാത്ത ഒരാൾക്ക് ദൈവത്തെയും മനുഷ്യരെയും ശരിയായി സേവിക്കാൻ സാധ്യമല്ല. പൗലൊസ് തിമൊഥെയൊസിനു, വെല്ലുവിളി നല്കി പറയുന്നു, "നിന്നെക്കുറിച്ചു മുമ്പുണ്ടായ പ്രവചനങ്ങൾക്കു ഒത്തവണ്ണം ... , ഞാൻ ഈ ആജ്ഞ നിനക്കു ഏല്പിക്കുന്നു നീ വിശ്വാസവും *നല്ല മനസ്സാക്ഷിയും* ഉള്ളവനായി, അവയെ അനുസരിച്ചു നല്ല യുദ്ധസേവ ചെയ്ക. ചിലർ നല്ല മനസ്സാക്ഷി തള്ളിക്കളഞ്ഞിട്ടു അവരുടെ വിശ്വാസക്കപ്പൽ തകർന്നു പോയി'' (1 തിമൊഥെയൊസ് 1:18, 19; ഊന്നൽ എന്റേത്). ചിലർ, പൗലൊസ് കൂട്ടിച്ചേർക്കുന്നു, വിശ്വാസവും നല്ല മനസ്സാക്ഷിയും തള്ളിക്കളഞ്ഞു, അതുകൊണ്ട് "അ വരുടെ വിശ്വാസക്കപ്പൽ തകർന്നു പോയി" (1 തിമൊഥെയൊസ് 1:19).

ഒരാൾക്ക് നല്ല (വ്യക്തമായ) മനസ്സാക്ഷി ഉണ്ടെങ്കിൽ, അവന്റെ സേവനത്തെ അനുമോദിക്കാതിരിക്കയോ അല്ലെങ്കിൽ എതിർക്കുകയോ ചെയ്താലും അവനു ഒരു ദാസന്റെ ഹൃദയം സൂക്ഷിക്കുവാൻ സാധിക്കും. അവന്റെ സഹയെഹൂദന്മാർ പൗലൊസിനെ വെറുക്കുകയും നിരന്തരമായി അവനെ കൊല്ലുവാൻ ശ്രമിച്ചു, എന്നിട്ടും പൗലൊസിനു ഈ പ്രസ്താവന നടത്തുവാൻ കഴിഞ്ഞു:

ഞാൻ ക്രിസ്തുവിൽ സത്യം പറയുന്നു, ഞാൻ പറയുന്നതു ഭോഷ്ക്ക് അല്ല, എനിക്കു വലിയ ദു:ഖവും ഹൃദയത്തിൽ ഇടവിടാതെ നോവും ഉണ്ട് എന്നു, എന്റെ *മനസ്സാക്ഷി എനിക്കു പരിശുദ്ധാത്മാവിൽ സാക്ഷിയായിരിക്കുന്നു.* ജഡപ്രകാരം എന്റെ ചാർച്ചക്കാരായ എന്റെ സഹോദരന്മാർക്കു വേണ്ടി, ഞാൻ തന്നെ ക്രിസ്തുവിനോടു വേറുവിട്ടു, ശാപഗ്രസ്ഥനാവാൻ ആഗ്രഹിക്കാമായിരുന്നു (റോമർ 9:1-3; ഊന്നൽ എന്റേത്).

പൗലൊസിനു ഒരു ശുദ്ധമനസ്സാക്ഷി ഉണ്ടായിരുന്നതുകൊണ്ട്, തന്റെ ശത്രുക്കൾ തന്നെ തെറ്റായി അവതരിപ്പിച്ചതാണെന്നു പരിശോധിക്കുവാൻ മറ്റുള്ളവരുടെ മനസ്സാക്ഷികളെ ഏല്പിക്കാൻ കഴിഞ്ഞു:

... ലജ്ജാകരമായ രഹസ്യങ്ങളെ ത്യജിച്ചു ഉപായം പ്രയോഗിക്കാതെയും, ദൈവവചനത്തിൽ കൂട്ടുചേർക്കാതെയും, സത്യം വെളിപ്പെടുത്തുന്നതിനാൽ ദൈവസന്നിധിയിൽ *സകല മനുഷ്യരുടേയും മനസ്സാക്ഷിക്കു ഞങ്ങളെത്തന്നെ ബോധ്യമാക്കുന്നു* ... . നിങ്ങളുടെ മനസ്സാക്ഷികളിലും വെളിപ്പെട്ടിരിക്കുന്നു എന്നു ഞാൻ ആശിക്കുന്നു (2 കൊരിന്ത്യർ 4:2; 5:11; ഊന്നൽ എന്റേത്).

(2) *ഉപദ്രവമേഖലയിലും നമ്മുടെ മനസ്സാക്ഷിയെ നാം അഭ്യസിപ്പിക്കേണ്ടതുണ്ട്.* ഉപദ്രവങ്ങളോട് ക്രിസ്ത്യാനികൾ എങ്ങനെ പ്രതികരിക്കണം എന്ന് തന്റെ ലേഖനങ്ങളിൽ, പത്രൊസ് വളരെ പറയുന്നുണ്ട്. ശുദ്ധമായ മനസ്സാക്ഷി സൂക്ഷിക്കുന്നതിന്റെ ആവശ്യകതയെയും ഉൾപ്പെടുത്തി, പരാമർശിക്കുന്നുണ്ട്:

ഒരുത്തൻ *ദൈവത്തെക്കുറിച്ചുള്ള മനോബോധം നിമിത്തം* അന്യായമായി കഷ്ടവും ദു:ഖവും സഹിച്ചാൽ, അതു പ്രസാദം ആകുന്നു (1 പത്രൊസ് 2:19; ഊന്നൽ എന്റേത്).

നിങ്ങളിലുള്ള പ്രത്യാശയെക്കുറിച്ചു ന്യായം ചോദിക്കുന്ന ഏവനോടും, സൗമ്യതയും ഭയഭക്തിയും പൂണ്ടു പ്രതിവാദം പറവാൻ എപ്പോഴും ഒരുങ്ങിയിരിപ്പിൻ; ക്രിസ്തുവിൽ നിങ്ങൾക്കുള്ള നല്ല നടപ്പിനെ ദുഷിക്കുന്നവർ, നിങ്ങളെ പഴിച്ചു പറയുന്നതിൽ ലജ്ജിക്കേണ്ടതിനു, *നല്ല മനസ്സാക്ഷി ഉള്ളവരായിരിപ്പിൻ* (1 പത്രൊസ് 3:15, 16; ഊന്നൽ എന്റേത്).

നാം ശരിയാണെന്നറിഞ്ഞാൽ, ഉപദ്രവിക്കപ്പെട്ടാലും നമുക്കു തുടരുവാൻ കഴിയും. കുറ്റമുള്ള മനസ്സാക്ഷിക്കു ഒരു ക്രിസ്ത്യാനിയെ നിശ്ശബ്ദമാക്കുവാൻ കഴിയുന്നതുപോലെ മറ്റൊന്നിനും സാധ്യമല്ല, ശുദ്ധ മനസ്സാക്ഷിക്കു ധൈര്യത്തോടെ സംസാരിക്കുവാൻ പ്രോത്സാഹിപ്പിക്കുന്നതുപോലെ മറ്റൊന്നിനും കഴിയുകയില്ല!

(3) *വ്യക്തിപരമായ അഭിപ്രായ കാര്യങ്ങളിൽ നമ്മുടെ മനസ്സാക്ഷിയെ*

*നാം അഭ്യസിപ്പിക്കേണ്ടതുണ്ട്.* മനസ്സാക്ഷിയെ പ്രതിപാദിക്കുന്ന ദൈർഘ്യ മുള്ള ഭാഗമാണ് 1 കൊരിന്ത്യർ 8 മുതൽ 10 വരെ. ബന്ധപ്പെട്ട മറ്റു ഭാഗം റോമർ 14-ൽ (കൂടാതെ റോമർ 15 ലെ ചില വാക്യങ്ങളും) കാണാം. അഭിപ്രായകാര്യങ്ങളിൽ സഹക്രിസ്ത്യാനികളോടു വിയോജിപ്പുണ്ടാകു മ്പോൾ എങ്ങനെ കൈകാര്യം ചെയ്യണമെന്ന് ഈ വേദഭാഗങ്ങൾ പഠി പ്പിക്കുന്നു. നാം ചർച്ച ചെയ്യുന്നതിലുള്ള പ്രാഥമിക വിഷയം വിഗ്രഹ ങ്ങൾക്കു മുമ്പിൽ സമർപ്പിച്ച മാംസം ഭക്ഷിക്കുന്നതാണ്.[5] മനസ്സാക്ഷിയെ അഭ്യസിപ്പിക്കുന്നതിനെക്കുറിച്ചു അനവധി പ്രധാനപ്പെട്ട പാഠങ്ങൾ ഈ അദ്ധ്യായങ്ങൾ നമ്മെ പഠിപ്പിക്കുന്നുണ്ട്. അവയിൽ ചിലത് ഇതാ:

അഭിപ്രായങ്ങളുടെ കാര്യത്തിലാണെങ്കിലും, വ്യക്തിപരമായ നിശ്ച യം ഉണ്ടാകേണ്ടതു പ്രധാനമാണ്. അഭിപ്രായകാര്യമാണെങ്കിലും അതു അപ്രധാനമാണെന്നു വരുന്നില്ല. “ഓരോരുത്തൻ താന്താന്റെ മനസ്സിൽ ഉറപ്പിച്ചിരിക്കട്ടെ” (റോമർ 14:5; കൂടാതെ വാക്യം 22 ഉം നോക്കുക).

നിങ്ങൾക്കു വ്യക്തിപരമായി നിശ്ചയമുള്ളതിൽ, നിങ്ങളുടെ മനസ്സാ ക്ഷിയെ ലംഘിക്കരുത് (റോമർ 14:22, 23), പക്ഷെ തുറന്ന – മനസ്സോടെ ഇരിക്കുക. നമുക്ക് എല്ലായ്പ്പോഴും എന്തെങ്കിലും ചിലതു കൂടുതലായി പഠിക്കുവാനുണ്ടാകും. “താൻ വല്ലതും അറിയുന്നു എന്നു ഒരുത്തന്നു തോന്നുന്നു എങ്കിൽ, അറിയേണ്ടതുപോലെ അവൻ ഇന്നുവരെ ഒന്നും അറിഞ്ഞിട്ടില്ല” (1 കൊരിന്ത്യർ 8:2).

വ്യക്തിപരമായ അഭിപ്രായങ്ങളിൽ ചൂടേറിയ വാദം നടത്താതിരി ക്കുക, എന്നാൽ ആത്മാവിന്റെ സ്നേഹത്തിൽ അതു ചർച്ച ചെയ്യുക. “ആകയാൽ നാം സമാധാനത്തിനും അന്യോന്യം ആത്മികവർദ്ധനക്കും ഉള്ളതിനു ശ്രമിച്ചുകൊൾക” (റോമർ 14:19).

ഒരാൾ തന്റെ മനസ്സാക്ഷി “ശക്തമെന്നോ” “ബലഹീനമെന്നോ” പരി ഗണിച്ചാലും ഇല്ലെങ്കിലും,[6] അവൻ തന്റെ സഹോദരിസഹോദരന്മാരുടെ വികാരങ്ങളെ മാനിക്കണം (റോമർ 14:1, 3; 15:1–3).

> ഓരോരുത്തൻ സ്വന്ത ഗുണമല്ല, മറ്റുള്ളവന്റെ ഗുണം അന്വേഷി ക്കട്ടെ. അങ്ങാടിയിൽ വില്ക്കുന്നതു എന്തെങ്കിലും മനസ്സാക്ഷി നിമിത്തം, ഒന്നും അന്വേഷണം കഴിക്കാതെ തിന്നുവിൻ; ഭൂമിയും അതിന്റെ പൂർണ്ണതയും, കർത്താവിനുള്ളതല്ലൊ. അവിശ്വാസിക ളിൽ ഒരുവൻ നിങ്ങളെ ക്ഷണിച്ചാൽ, നിങ്ങൾക്കു പോകുവാൻ മനസ്സുണ്ടെങ്കിൽ, നിങ്ങളുടെ മുമ്പിൽ വിളമ്പുന്നതു എന്തായാലും, മനസ്സാക്ഷി നിമിത്തം ഒന്നും അന്വേഷിക്കാതെ തിന്നുവിൻ. എങ്കിലും ഒരുവൻ “ഇതു വിഗ്രഹാർപ്പിതം” എന്നു, നിങ്ങളോടു പറഞ്ഞാൽ, ആ അറിയിച്ചവൻ നിമിത്തവും, മനസ്സാക്ഷി നിമി ത്തവും, തിന്നരുത്; മനസ്സാക്ഷി എന്നു ഞാൻ പറയുന്നതു തന്റേ തല്ല, മറ്റെവന്റേതത്രേ … . എന്റെ സ്വാതന്ത്ര്യം അന്യ മനസ്സാക്ഷി യാൽ വിധിക്കപ്പെടുന്നത് യെഹൂദന്മാർക്കും യവനന്മാർക്കും ദൈവ സഭക്കും ഇടർച്ചയല്ലാത്തവർ ആകുവിൻ; ഞാനും എന്റെ ഗുണമ ല്ല, പലർ രക്ഷിക്കപ്പെടേണ്ടതിന്നു അവരുടെ ഗുണം തന്നെ അന്വേ ഷിച്ചുകൊണ്ടു, എല്ലാവരെയും എല്ലാം കൊണ്ടും പ്രസാദിപ്പിക്കു

ന്നുവല്ലൊ (1 കൊരിന്ത്യർ 10:24-29, 32, 33).

നിങ്ങളുടെ നിശ്ചയങ്ങളെക്കുറിച്ചു അങ്ങേ അറ്റം സത്യസന്ധതയുള്ളവരാകുക; നിങ്ങൾക്ക് ഉണ്ടാകാനിടയുള്ള ദുരഭിമാനത്തെയും ബലഹീനതയെയും തിരിച്ചറിയുവാൻ ശ്രമിക്കുക (1 കൊരിന്ത്യർ 8:1, 2). "ആകയാൽ താൻ നില്ക്കുന്നു എന്നു തോന്നുന്നവൻ വീഴാതിരിപ്പാൻ നോക്കിക്കൊള്ളട്ടെ" (1 കൊരിന്ത്യർ 10:12).

നിങ്ങളുടെ മനസ്സാക്ഷി ഒരിക്കലും നിങ്ങളുടെ സഹോദരന്നു ഒരിക്കലും ഇടർച്ചയോ പാപമോ ആകാതിരിപ്പാൻ തീർച്ചയാക്കിക്കൊൾവിൻ (റോമർ 14:13, 15, 21).

> എന്നാൽ നിങ്ങളുടെ ഈ സ്വാതന്ത്ര്യം ബലഹീനന്മാർക്കു യാതൊരു വിധത്തിലും തടങ്ങൽ ആയി വരാതിരിപ്പാൻ [തിന്നോ അല്ലാതെയോ] നോക്കുവിൻ. അറിവുള്ളവനായ നീ, ക്ഷേത്രത്തിൽ ഭക്ഷണത്തിനിരിക്കുന്നതു, ഒരുത്തൻ കണ്ടാൽ, ബലഹീനനെങ്കിൽ, അവന്റെ മനസ്സാക്ഷി, വിഗ്രഹാർപ്പിതങ്ങളെ തിന്നുവാൻ തക്കവണ്ണം ഉറെക്കയില്ലയോ? ആർക്കുവേണ്ടി ക്രിസ്തു മരിച്ചുവോ, ആ ബലഹീന സഹോദരൻ ഇങ്ങനെ നിന്റെ അറിവിനാൽ നശിച്ചുപോകുന്നു. ഇങ്ങനെ, സഹോദരന്മാരുടെ നേരെപാപം ചെയ്തു അവരുടെ ബലഹീന മനസ്സാക്ഷിയെ ദണ്ഡിപ്പിക്കുമ്പോൾ, നിങ്ങൾ ക്രിസ്തുവിനോടു പാപംചെയ്യുന്നു. ആകയാൽ, ആഹാരം എന്റെ സഹോദരനു ഇടർച്ചയായിത്തീരും, എങ്കിൽ എന്റെ സഹോദരന്നു ഇടർച്ച വരുത്താതിരിക്കേണ്ടതിന്നു, ഞാൻ ഒരു നാളും മാംസം തിന്നുകയില്ല (1 കൊരിന്ത്യർ 8:9-13).

നേരെ മറിച്ചു, "*എല്ലാം* ദൈവമഹത്വത്തിനായി ചെയ്യാൻ" മന സ്സാക്ഷി നിങ്ങളെ പ്രോത്സാഹിപ്പിക്കുന്നു (1 കൊരിന്ത്യർ 10:31; ഊന്നൽ എന്റേത്; കൂടാതെ റോമർ 14:6 ഉം നോക്കുക).

(4) *അധികാര മേഖലയിൽ നാം നമ്മുടെ മനസ്സാക്ഷിയെ അഭ്യസിപ്പിക്കണം.* ഭൗതികമായ അധികാരത്തെക്കുറിച്ചു, പൗലൊസ് പറഞ്ഞു, "അതുകൊണ്ടു ശിക്ഷയെ മാത്രമല്ല, *മനസ്സാക്ഷിയെയും വിചാരിച്ചു* കീഴടങ്ങുക, ആവശ്യം" (റോമർ 13:5; ഊന്നൽ എന്റേത്). ഒരു നിയമമായി, മനസ്സാക്ഷി "അധികാരികളെ" അനുസരിക്കാൻ പറയണം (റോമർ 13:1-7; തിത്തൊസ് 3:1, 2; 1 പത്രൊസ് 2:13-17; കൂടാതെ മത്തായി 22:15-22 ഉം നോക്കുക).[7]

എങ്ങനെയായാലും, ദൈവേഷ്ടത്തിനു വിരുദ്ധമാണ് ഭൗതികാധികാരികളുടെ കല്പനകൾ എങ്കിൽ, അതു ആദരവോടെ അനുസരിക്കാതിരിക്കുക എന്നു നമ്മുടെ മനസ്സാക്ഷി പറയും (പ്രവൃത്തികൾ 4:19, 20).[8] പത്രൊസ് പറഞ്ഞു, "നാം മനുഷ്യരേക്കാൾ ദൈവത്തെ അനുസരിക്കേണ്ടതാകുന്നു" (പ്രവൃത്തികൾ 5:29). "മസ്റ്റ്" എന്ന വാക്ക് സൂചിപ്പിക്കുന്നത് അയാളുടെ മനസ്സാക്ഷിയായിരുന്നു സംസാരിച്ചത് (ഈ കാര്യത്തിൽ, പരിശുദ്ധാത്മാവിനാൽ പ്രകാശിതമായ മനസ്സാക്ഷി).

മറ്റു മേഖലകളും പറയാൻ കഴിയും, പക്ഷെ ഓരോരുത്തരും താന്താന്റെ മനസ്സാക്ഷിയെ സുഖമായും പ്രാവർത്തികമായും സൂക്ഷിക്കുവാൻ *അവനാൽ* കഴിയുന്നതെല്ലാം ചെയ്യേണ്ടതുണ്ട് എന്നതിനു ഇത്രയും ഊന്നിപ്പറഞ്ഞതു മതിയാകും. എങ്ങനെയായാലും, ഒരാൾ തന്റെ മനസ്സാക്ഷിയെ ലംഘി*ക്കയും* തനിക്കു അതിൽ നിന്നു ആശ്വാസം കിട്ടുവാൻ ഒന്നും ചെയ്യാനില്ലാതെ വരുന്ന സമയങ്ങളിൽ എന്തു ചെയ്യും? അപ്പോൾ കർത്താവിലേക്കു തിരിയുകയാണ് ആവശ്യം.

## കർത്താവിന്റെ സഹായത്താൽ നിങ്ങളുടെ മനസ്സാക്ഷിയെ ആരോഗ്യത്തോടെ സൂക്ഷിക്കുക

നമ്മുടെ ഭൗതിക നാഡീവ്യവസ്ഥയിൽ വേദന ചെയ്യുന്നതുപോലെ, നമ്മുടെ ആത്മിയ "നാഡീവ്യവസ്ഥയിൽ"[9] കുറ്റം പ്രധാന പങ്ക് വഹിക്കുന്നുണ്ട്. വേദന എന്തോ കുഴപ്പമുണ്ടെന്നും പരിഹരിക്കണമെന്നുംഉള്ള സൂചനയാണ് നല്കുന്നത്. ആത്മിയമായി കുറ്റം അതേ പ്രവൃത്തിയാണ് ചെയ്യുന്നത്.

ഇക്കാലത്ത്, വിദ്യാഭ്യാസം നല്കുന്നവർക്കും, തത്വജ്ഞാനികൾക്കും, ശാസ്ത്രജ്ഞന്മാർക്കും, ചില ഉപദേഷ്ടാക്കന്മാർക്കു പോലും കുറ്റം എന്ന ആശയം, പരിഹാസ്യവും, വില കൊടുത്തതും ആണ്. എങ്ങനെയായാലും, ദൈവപദ്ധതി കുറ്റം എന്നതു പ്രാധാന്യമുള്ളതാണ്. നമുക്കു വേണമെങ്കിൽ വേദന അകറ്റാം, എന്നാൽ അങ്ങനെയെങ്കിൽ ശാരീരികമായ വ്രണപ്പെടുത്തൽ വേണ്ടിവരും എന്നു ചിന്തിച്ചേക്കാം. അതുപോലെ, കുറ്റം നീങ്ങിപ്പോകുവാൻ നാം ആഗ്രഹിച്ചേക്കാം, എന്നാൽ അങ്ങനെ ചെയ്യുമ്പോൾ കൂടുതൽ വ്രണപ്പെടുത്തുന്ന പരീക്ഷണങ്ങൾ നേരിടും.

എങ്ങനെയായാലും, കുറ്റം എന്നതു അതിൽ തന്നെ അവസാനിക്കുവാൻ ഉദ്ദേശിച്ചുള്ളതല്ല എന്നു, നാം മനസ്സിലാക്കണം. ദൈവപദ്ധതിയിൽ, കുറ്റം രൂപപ്പെടുത്തിയിരിക്കുന്നത് ചില രീതികളിൽ പ്രതികരിക്കുവാനാണ്: (1) നമ്മെ കുറ്റപ്പെടുത്തുമെന്നു തോന്നുന്നവയിൽ *നിന്നു* വിട്ടുതിരിയുകയും[10] (2) പാപമോചനത്തിന്നായി ദൈവത്തി*ലേക്കു* തിരിഞ്ഞ് പുതുതായി ആരംഭിക്കുക (പ്രവൃത്തികൾ 8:22; 1 യോഹന്നാൻ 1:9; മുതലായവ.).

ഒരിക്കൽ കുറ്റം അതിന്റെ ഉദ്ദേശം നടപ്പാക്കിയാൽ, ദൈവം നല്കുന്ന കൃപയെ *സ്വീകരിച്ചുകൊണ്ട്* - നാം ആ കുറ്റത്തെ എങ്ങനെ വേർപെടുത്താമെന്ന് പഠിക്കണം. ആരും തന്നെ അനിശ്ചിതമായി കുറ്റമുള്ള മനസ്സാക്ഷിയോടെ ജീവിക്കുവാൻ ദൈവം ആഗ്രഹിക്കുന്നില്ല, കുറ്റമുള്ള മനസ്സാക്ഷിയെ എബ്രായലേഖകൻ "ദുഷ്ട മനസ്സാക്ഷി" എന്നാണ് വിളിച്ചിരിക്കുന്നത് (എബ്രായർ 10:22). ചെയ്ത പാപങ്ങളാലുള്ള കുറ്റം ബാധിക്കുന്നതാണ് "ദുഷ്ട മനസ്സാക്ഷി," തെറ്റു ചെയ്തു എന്നും ക്ഷമാപണം ലഭിച്ചിട്ടില്ല എന്നും അറിയാവുന്ന ഒരു മനസ്സാക്ഷിയാണ് അത് (എബ്രായർ 9:9; 10:2).

യേശുവിന്റെ രക്തത്താൽ പാപം മോചിച്ചു കിട്ടിയതിന്റെ ഫലമായി നമ്മുടെ മനസ്സാക്ഷിയെ വെടിപ്പാക്കി ശുദ്ധീകരിക്കുവാനാണ് ദൈവം ഉദ്ദേശിക്കുന്നത്. എബ്രായ ലേഖകൻ ചോദിച്ചു, "ക്രിസ്തുവിന്റെ രക്തം, … ജീവനുള്ള ദൈവത്തെ ആരാധിപ്പാൻ നിങ്ങളുടെ മനസ്സാക്ഷിയെ

നിർജ്ജീവ പ്രവൃത്തികളെ പോക്കി എത്ര അധികം ശുദ്ധീകരിക്കും?" (9:14). ലേഖകൻ പറയുന്നു ആരാധകൻ ശുദ്ധീകരിക്കപ്പെട്ടാൽ, "പാപ ത്തെക്കുറിച്ചുള്ള മനോബോധം പിന്നെ ഇല്ല [മറ്റൊരർത്ഥത്തിൽ, അവ രുടെ പാപങ്ങൾ നിമിത്തം ഉള്ള കുറ്റം]" (10:2). ഗ്രീക്കുവാക്കായ *കാത്ത രിസോ* എന്നതു തർജ്ജിമ ചെയ്തതാണ് എബ്രായർ 9:14 ലേയും 10:2 ലേയും "ശുദ്ധി" എന്നതും "ശുദ്ധീകരിച്ച" എന്നതും അതിൽ നിന്നാണ്, ഇംഗ്ലീഷ് വാക്കുകളായ "കാത്തർസിസ്" എന്നും "കാത്തറൈസ്" എന്നും കിട്ടിയതു. അതു കൂട്ടമായതും വ്യാപകമായതുമായ ശുദ്ധീകരണത്തെ സൂചിപ്പിക്കുന്നു.

"*ദുർമ്മനസ്സാക്ഷി നീങ്ങുമാറു* ഹൃദയങ്ങളിൽ തളിക്കപ്പെട്ടവരും ശുദ്ധ വെള്ളത്താൽ ശരീരം കഴുകപ്പെട്ടവരുമായി വിശ്വാസത്തിന്റെ പൂർണ്ണ നിശ്ചയം പൂണ്ടു, പരമാർത്ഥ ഹൃദയത്തോടെ [ദൈവത്തോട്] അടുത്തു ചെല്ലുവാൻ" ഒരു വെല്ലുവിളി തരികയാണ് എബ്രായർ 10:22. (ഊന്നൽ എന്റേത്.) സമാഗമന കൂടാരത്തിൽ മൃഗരക്തം തളിച്ച് അതിനെ ശുദ്ധീക രിക്കുന്നതുപോലെ, നമ്മുടെ ആത്മാക്കളേയും ക്രിസ്തുവിന്റെ രക്തം "തളിച്ചു" ശുദ്ധീകരിക്കുന്നു. പിന്നെ, പുരോഹിതന്മാർ സമാഗമന കൂടാ രത്തിൽ പ്രവേശിക്കുന്നതിനു മുൻപ് അവരുടെ ശരീരങ്ങളെ കഴുകുമാ യിരുന്നു, നാം യേശുവിനോടു ചേരുവാൻ സ്നാനം ഏല്ക്കുമ്പോൾ "ശുദ്ധ വെള്ളത്താൽ നമ്മുടെ ശരീരങ്ങളെ കഴുകുകയാണ്" (കൂടാതെ ഗലാത്യർ 3:26, 27). ഒരിക്കൽ നാം ദൈവത്തിന്റെ രക്ഷാ വഴി വിശ്വാസ ത്താലും അനുസരണത്താലും സ്വീകരിക്കുമ്പോൾ, നമ്മുടെ മനസ്സാക്ഷി വീണ്ടും ശുദ്ധമാക്കുന്നു - യേശുവിന്റെ രക്തം നിമിത്തം!

നമ്മുടെ മനസ്സാക്ഷിയെ ആരോഗ്യത്തോടെ സൂക്ഷിക്കുവാൻ ദൈവ ത്തിന്റെ പാപമോചനം മാത്രം പോരാ; ദൈവത്തിന്റെ പാപമോചനം നാം *സ്വീകരിക്കാൻ* പഠിക്കണം. ഒരു സുവിശേഷപ്രാസംഗികനായ, ജോ ബാർനെറ്റിനോട് ഒരു ഡോക്ടർ പറഞ്ഞു, തന്റെ അടുക്കൽ വരുന്ന നിര വധി രോഗികൾക്ക് വൈദ്യശാസ്ത്ര പരിചരണമല്ല ആവശ്യം. "അവർക്കു നല്ല മനസ്സാക്ഷിക്കുള്ള വഴി കണ്ടെത്തുവാൻ ആരെങ്കിലും അവരെ സഹാ യിക്കുകയാണ് അവർക്ക് ആവശ്യം," "അവർക്കു ഉറക്ക ഗുളിക ആവ ശ്യമില്ല; അവർക്കു പഴയ രീതിയിലുള്ള മാനസ്സാന്തരകാലമാണ് ആവശ്യം." അദ്ദേഹം ഊന്നിപ്പറഞ്ഞു അവർക്കു ആധുനിക മരുന്നുകള ല്ല, അവർക്കു പാപമോചനത്തിൽ നിന്നു ലഭിക്കുന്ന ആനന്ദാനുഭവമാണ് ആവശ്യം.

നമുക്ക് അവന്റെ വചനത്തിൽ ആശ്രയിച്ച്, പൂർണ്ണഹൃദയത്തോടെ ദൈവത്തിൽ വിശ്വസിക്കണം: "അവരുടെ പാപങ്ങളെയും അകൃത്യങ്ങ ളെയും ഞാൻ ഇനി ഓർക്കയുമില്ല" (എബ്രായർ 10:17).

നാം നമ്മോടും ക്ഷമിക്കാൻ പഠിക്കണം. ചിലപ്പോൾ, ദൈവം ക്ഷമി ച്ചാലും നമുക്കു ക്ഷമിക്കാൻ കഴിഞ്ഞെന്നു വരികയില്ല. ഞാൻ പറഞ്ഞ തിന്റെ അർത്ഥം ചിലർക്കെങ്കിലും മനസ്സിലായിക്കാണും. നിങ്ങൾ ഒരു പാപം ചെയ്തു. നിങ്ങൾ ചെയ്തതു ഭയങ്കര തെറ്റാണ്, അതു നിങ്ങൾക്ക് അറിയാം. നിങ്ങളുടെ മനസ്സാക്ഷി നിങ്ങളെ ദയവില്ലാതെ അടിക്കുന്നു. ആ സന്ദർഭം ശരിയാക്കുവാൻ കഴിയുന്നതെല്ലാം നിങ്ങൾ ചെയ്തു, പക്ഷെ

സംഭവിച്ച കുഴപ്പം. അതുകൊണ്ട് നിങ്ങൾ അനുതാപഹൃദയത്തോടെ ദൈവസന്നിധിയിൽ നിങ്ങളുടെ കഥന കഥ പകരുന്നു. നിങ്ങൾ ദൈവത്തോട് ക്ഷമാപണത്തിനു യാചിക്കുന്നു, അവൻ ക്ഷമിക്കുമെന്നു നിങ്ങൾ പ്രതീക്ഷിക്കയും ചെയ്യുന്നു. "വാഗ്ദത്തം ചെയ്തവൻ വിശ്വസ്തൻ" (എബ്രായർ 10:23). എങ്കിലും, നിങ്ങളുടെ ഉള്ളിൽ പറഞ്ഞുകൊണ്ടിരിക്കും, "അതത്ര എളുപ്പമല്ല. ഞാൻ ചെയ്ത ഭയങ്കര അപരാധം മാറി കിട്ടുവാൻ ഞാൻ കൂടുതൽ കഷ്ടത അനുഭവിക്കണം!" ചിലപ്പോൾ, ആളുകൾ വർഷങ്ങൾക്കു മുൻപു മാനസ്സാന്തരപ്പെട്ടെങ്കിലും ദൈവത്തോട് ഏറ്റു പറഞ്ഞെങ്കിലും അവരുടെ മനസ്സാക്ഷി അവരെ കുറ്റപ്പെടുത്തിക്കൊണ്ടിരിക്കും, അവർ ചെയ്ത തെറ്റുകളാലും, അതിന്റെ കുഴപ്പങ്ങളും നിമിത്തം ആണ് അത്. ഞാൻ വീണ്ടും പറയട്ടെ പൂർണ്ണഹൃദയത്തോടെ ദൈവം ക്ഷമിക്കുമെന്നു വിശ്വസിക്കയും, നാം നമ്മോടു ക്ഷമി*ക്കയും* വേണം.

1 യോഹന്നാൻ 3-ാം അദ്ധ്യായത്തിൽ നമുക്കു നമ്മോടു ക്ഷമിക്കാൻ കഴിയാത്തതിനെ യോഹന്നാൻ പറയുന്നുണ്ട്. "പ്രവൃത്തിയിലും സത്യത്തിലും സ്നേഹിക്കുവാൻ" പറഞ്ഞശേഷം, അവൻ പറഞ്ഞു, "നാം സത്യത്തിന്റെ പക്ഷത്തു നില്ക്കുന്നവൻ, എന്നു ഇതിനാൽ അറിയും, ഹൃദയം നമ്മെ കുറ്റം വിധിക്കുന്നുവെങ്കിൽ; ദൈവം നമ്മുടെ ഹൃദയത്തെക്കാൾ വലിയവനും, എല്ലാം അറിയുന്നവനും എന്നു നമ്മുടെ ഹൃദയത്തെ അവന്റെ സന്നിധിയിൽ ഉറപ്പിക്കാം" (വാക്യങ്ങൾ 18-20). "നമ്മുടെ ഹൃദയത്തെ ഉറപ്പിക്കാം" എന്ന പ്രയോഗം ശ്രദ്ധിക്കുക. "നമ്മുടെ ഹൃദയം നമ്മെ എന്തിലെങ്കിലും കുറ്റം വിധിക്കുന്നു എങ്കിൽ" ഹൃദയത്തെ ഉറപ്പിക്കണം. സ്പഷ്ടമായും, വായനക്കാരിൽ ചിലർക്ക് അവരുടെ മനസ്സാക്ഷി അവരെ കുറ്റപ്പെടുത്തുന്നുണ്ട്. അതുകൊണ്ട് അവരുടെ ഹൃദയങ്ങളെ ഉറപ്പിക്കേണ്ടതുണ്ട്. പിന്നെ അതിന്റെ അവസാനഭാഗം നോക്കുക: "ദൈവം നമ്മുടെ ഹൃദയത്തേക്കാൾ വലിയവനും, സകലവും അറിയുന്നവനും ആണ്." നമ്മുടെ ഹൃദയം നമ്മെ കുറ്റപ്പെടുത്തുമ്പോഴും (അതായതു, നമുക്കു കുറ്റമുള്ള മനസ്സാക്ഷി ഉള്ളപ്പോൾ), ദൈവം നമ്മുടെ ഹൃദയത്തേക്കാൾ വലിയവൻ. നാം ശരിയായി മാനസാന്തരപ്പെട്ടോ എന്നു ദൈവത്തിനറിയാം. നാം ശരിക്കും, മാനസ്സാന്തരപ്പെട്ടു എങ്കിൽ, നാം ക്ഷമിച്ചാലും ഇല്ലെങ്കിലും ദൈവം ക്ഷമിക്കും.

എങ്ങനെയായാലും, നാം കുറ്റത്തിൽ വസിക്കുവാൻ, ദൈവം ആഗ്രഹിക്കുന്നില്ല. അതുകൊണ്ട് യോഹന്നാൻ തന്റെ ചർച്ച തുടരുന്നു: "പ്രിയമുള്ളവരേ, ഹൃദയം നമ്മെ കുറ്റം വിധിക്കുന്നി*ല്ലെങ്കിൽ*, നമുക്കു ദൈവത്തോടു പ്രാഗത്ഭ്യം ഉണ്ട്" (വാക്യം 21; ഊന്നൽ എന്റേത്). മറ്റൊരു വാക്കിൽ പറഞ്ഞാൽ, നാം ദൈവത്തിന്റെ ക്ഷമാപണം *സ്വീകരിക്കാൻ* തയ്യാറാണെങ്കിൽ, പിന്നെ നമുക്ക് ഉറപ്പും ആത്മവിശ്വാസവും ഉള്ള ജീവിതം നയിക്കാൻ കഴിയും.

ക്ഷമിക്കാൻ കഴിയാത്തവർക്കു തങ്ങളുടെ സ്വന്ത ബന്ധത്തെ അതു ബാധിക്കും. അതു മറ്റുള്ളവരുമായുള്ള ബന്ധത്തെയും ബാധിക്കും. ഒരാൾക്കു തന്നോടു ക്ഷമിക്കാൻ പ്രയാസമാണെങ്കിൽ, മറ്റുള്ളവരോടു ക്ഷമിക്കുവാനും പ്രയാസമായിരിക്കും. ഏറ്റവും പ്രാധാന്യമായിട്ടുള്ള കാര്യം, അയാൾക്കു ദൈവവുമായുള്ള ബന്ധത്തെ ബാധിക്കും. കുറ്റബോ

ധമുള്ള ഒരാൾക്ക് ദൈവമുൻപിൽ ധൈര്യത്തോടെയും ആത്മവിശ്വാ സ ത്തോടെയും അടുത്തു ചെല്ലാൻ സാധ്യമല്ല (എബ്രായർ 4:15, 16).

**ഉപസംഹാരം**

നാം (1) നമ്മുടെ മനസ്സാക്ഷിയെ അഭ്യസിപ്പിക്കുന്നു എങ്കിൽ (2) കൃപയാലുള്ള പാപക്ഷമാപണത്തിനായി ലഭിക്കുന്ന ദൈവകൃപയിൽ ആശ്രയിക്കുക, പിന്നെ – പൗലൊസിനെപ്പോലെ – നമുക്ക് എല്ലായ്പ്പോഴും “കുറ്റമില്ലാത്ത മനസ്സാക്ഷി” സൂക്ഷിപ്പാൻ നമുക്ക് കഴിയും അങ്ങനെ “ശുദ്ധ മനസ്സാക്ഷിയോടെ” ജീവിക്കയും ചെയ്യും (പ്രവൃത്തികൾ 24:16; 1 തിമൊഥെയൊസ് 3:9).

ഈ പാഠ്യപരമ്പര അവസാനിപ്പിക്കുമ്പോൾ, ചുരുങ്ങിയത് ഒരാളുടെ എങ്കിലും മനസ്സാക്ഷി ഉണർന്നു തെറ്റിപ്പോയ ദൈവമകൻ സ്നാനമേല്ക്കു കയോ യഥാസ്നാനപ്പെടുകയോ ചെയ്യുമെന്ന്, ഞാൻ പ്രതീക്ഷിക്കുന്നു. വലിയ ഒരു മിഷണറി ജെ.എം. മക്കാലേബ് പറഞ്ഞു ആളുകളെ നവീ കരിക്കാനുള്ള ഏക വഴി അവരുടെ മനസ്സാക്ഷി ഉണർത്തുകയാണ് ആളു കളെ നമുക്കു വാഗ്ദാനം ചെയ്യുമാറാക്കാം ഉറപ്പിക്കാം, പ്രതിജ്ഞയിൽ, ഒപ്പിടുകപോലും ചെയ്തേക്കാം – എന്നാൽ അവരുടെ മനസ്സാക്ഷി സ്പർശിക്കുന്നതുവരെ, നാം അവരെ ഭോഷ്ക്കരാക്കുകയാണ്.

നിങ്ങളുടെ മനസ്സാക്ഷി ഉണർന്നിട്ടുണ്ടോ? അങ്ങനെ എങ്കിൽ, നിങ്ങൾക്കു അതിനെ പ്രീണിപ്പിക്കാം, അവഗണിക്കാം, അല്ലെങ്കിൽ, അവ മാനിക്കാം; എന്നാൽ അതിനെ തൃപ്തിപ്പെടുത്തുവാനുള്ള ഏക വഴി അതു പറയുന്നതുപോലെ *ചെയ്യുക* എന്നതാണ്. നിങ്ങൾ നിങ്ങളോടു പോരാ ടാതെ ഇന്നു തന്നെ കർത്താവിനെ അനുസരിക്കുക!

---

കുറിപ്പുകൾ

[1]ആൽ ഫ്രെഡ് മാർഷൽ, *ദ ഇന്റർലീനിയർ ഗ്രീക്ക് – ഇംഗ്ലീഷ് ന്യൂ ടെസ്റ്റ മെന്റ്*, 2ഡി. ഇഡി. (ലണ്ടൻ: സാമുവേൽ ബാഗ്സ്റ്റർ ആന്റ് സൺസ്, 1958), 580. [2]ഈ സമയത്തു ആവശ്യമായതുകൊണ്ട് കഴിഞ്ഞ രണ്ടു പാഠങ്ങൾ പുനരവ ലോകനം ചെയ്യുക. [3]ഇസഹാക്ക് വാറ്റ്സ്, “ഹൗ ഷാൽ ദ യങ് സെക്വർ ദെയർ ഹാർട്ട്സ്?” ടെക്സാസിലെ, അബിലീനിലുള്ള, എസിയു പ്രെസിന്റെ അനുവാ ദത്തോടെ പുനപ്രസിദ്ധീകരണം നടത്തിയതാണ്. [4]പാഠത്തിന്റെ ഈ ഭാഗം വലു താക്കി ഏതാണ്ട് അനിശ്ചിതമാക്കാം. ഊന്നിപ്പറഞ്ഞ് (വിപുലീകരിച്ച്) നിങ്ങളുടെ കേൾവിക്കാർക്ക് ആവശ്യമുള്ള കൂടുതൽ മേഖലകളാക്കാം. [5]ഈ വേദഭാഗങ്ങളെ മുഴുവൻ വിവരിക്കാൻ പറ്റിയ സമയം ഇതല്ല, പക്ഷെ ചില ചിന്തകൾ പുറമെ നല്കിയിട്ടുണ്ട്. ഈ തിരുവെഴുത്തു ഭാഗങ്ങൾ പരാമർശിക്കുന്നതു അഭിപ്രായ ങ്ങളുടെ കാര്യമാണെന്ന് ഓർമ്മിക്കുക – അതിൽ തന്നെ തെറ്റും ശരിയുമായ കാര്യങ്ങൾ. [6]നല്കപ്പെട്ട വിഷയത്തിൽ ആരെങ്കിലും ഒരാൾ തനിക്കു “ബലഹീന” മനസ്സാക്ഷിയാണുള്ളത് എന്നു വിചാരിക്കുന്നവരെ ഞാൻ വിരളമായിട്ടേ കണ്ടി ട്ടുള്ളു, എന്നാൽ ഇതു അല്പം വ്യത്യാസം ജനിപ്പിക്കുന്നു: ഒരാൾക്കു “ശക്ത മായ” മനസ്സാക്ഷിയാണോ അല്ലെങ്കിൽ “ബലഹീന” മനസ്സാക്ഷിയാണോ ഉള്ളത്

എങ്കിൽ, അയാൾ അതേ രീതിയിൽ പെരുമാറണം. [7]“തിരുവെഴുത്തു വേഗത” യെ പോസ്റ്റഡ് സ്പീഡ് ലിമിറ്റ് എന്നു എന്റെ ഒരു സ്നേഹിതർ പറഞ്ഞിട്ടുണ്ട്. [8]ബൈബിൾ ഉദാഹരണങ്ങളിൽ എബ്രായ സൂതികർമ്മിണികൾ, മൂന്നു എബ്രായ യുവാക്കളും, ദാനിയേലും ഉൾപ്പെടും. [9]നമ്മുടെ പാഠ്യപദ്ധതികളിൽ, നാം പറഞ്ഞു ആത്മിയ മനുഷ്യനു മനസ്സാക്ഷി എങ്ങനെയോ അങ്ങനെയാണ് മനുഷ്യശരീരത്തിനു നാഡീസംവിധാനം. [10]ശരീരത്തിന്റെ വേദനയോടുള്ള പ്രതികരണത്തെ സമാനതക്കായി എടുക്കാവുന്നതാണ്: നമുക്കു വേദന തോന്നുമ്പോൾ, തലച്ചോറ് പെട്ടെന്ന് പറയും, “ചൂടുള്ള പാത്രം താഴെയിടൂ!” അല്ലെങ്കിൽ “തീയിൽ നിന്നു മാറി നില്ക്ക്!” അല്ലെങ്കിൽ “ആ മുള്ള് കാലിൽ നിന്നു വലിച്ച് ഉരുക!”

© 2009 Truth for Today